## കോഴിക്കോട് ലോ കോളേജിൽ ഈവനിംഗ് എൽ.എൽ.ബി.

20 (1094) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിൽ, എൽ.എൽ.ബി. ഈവനിംഗ് കോഴ്സ് സർക്കാർ മേഖലയിലോ സ്വാശ്രയ മേഖലയിലോ നടന്നു വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ലോ കോളേജിൽ എൽ.എൽ.ബി. കോഴ്സ് ഈവനിംഗ് തുടങ്ങുന്നത് സംബന്ധിച്ച ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈവനിംഗ് എൽ.എൽ.ബി. കോഴ്സ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലില്ല.

(ബി) ഉണ്ട്.

(സി) സർക്കാരിൽ നിന്നും എൻ.ഒ.സി. യൂണിവേഴ്സിറ്റിയിൽ നിന്നും അഫിലിയേഷൻ, ബാർ കൗൺസിൽ അംഗീകാരം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്.

## അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

21 (1095) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഗവ. കോളേജിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത്; ഓരോ വിഭാഗത്തിലും എത്ര കുട്ടികൾ വീതം പഠനം നടത്തുന്നു; വിശദമാക്കുമോ;

(ബി) കോളേജ് അധികാരികൾ പുതിയ കോഴ്സുകൾക്കായി അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കോളേജിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിച്ച സാഹചര്യത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly